**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1340** **19-09-2025 - ൽ മറുപടിയ്ക്ക്**

**പാലക്കാട് എജ്യൂക്കേഷൻ കോംപ്ലക്സിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് എജ്യൂക്കേഷൻ കോംപ്ലക്സിന്റെ നിർമ്മാണത്തിന് 2.5 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും 2021-ലെ ഡി. എസ്. ഒ. ആർ. (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്) പ്രകാരം പ്രവൃത്തിക്ക് 7.37 കോടി രൂപ ആവശ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിക്കുകയും ചെയ്തിട്ടുള്ളതിനാൽ ഇത് പ്രകാരം വകുപ്പ് ഭരണാനുമതി തുക വർദ്ധിപ്പിക്കുന്നതിനായി പുതിയ പ്രൊപോസൽ സർക്കാരിന് സമർപ്പിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇക്കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | പാലക്കാട് എഡ്യൂക്കേഷൻ കോംപ്ലക്സിന്റെ നിർമ്മാണം സംബന്ധിച്ച് 2021-ലെ ഡി.എസ്.ഒ.ആർ പ്രകാരം പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ 12.02.2025-ലെ ഇ2/189/2023/പൊ.മ.വ നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | വിദ്യാഭ്യാസ സമുച്ചയത്തിനായി മുമ്പ് ഉണ്ടായിരുന്ന ഡി. ഇ. ഒ. ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റിയ ശേഷം ആയതിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പ്രവർത്തന യോഗ്യമല്ലാത്ത ഡി.ഇ.ഒ. ഓഫീസ് കെട്ടിടവും ഡിപ്പോയും പൊളിച്ചു മാറ്റി ലേലം ചെയ്യുന്നതിന് വിദ്യാഭ്യാസ വകുപ്പ് സർവ്വേ റിപ്പോർട്ട് ആവശ്യപ്പെട്ട പ്രകാരം ആയത് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയിരുന്നു. നിലവിൽ ക്ലെയന്റ് ഡിപ്പാർട്ട്മെന്റ് പഴയ ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റിയിട്ടില്ല. ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.<br><br>നിലവിൽ അംഗീകരിച്ച പ്ലാൻ പ്രകാരം കെട്ടിട നിർമ്മാണത്തിന് ആവശ്യമായ മുഴുവൻ തുകയും ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ